**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6735** **11-11-2021 - ൽ മറുപടിയ്ക്ക്**

**വഖഫ് ബോർഡിന്റെ സ്ഥലം വിട്ടുകൊടുക്കുന്ന നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | Shri.V. Abdurahiman<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | വർഷങ്ങളായി പൊതു ആവശ്യത്തിനായി ഉപയോഗിച്ചുകൊണ്ടിരിക്കുന്ന വഖഫ് ബോർഡിന്റെ കീഴിലുള്ള സ്ഥലം ബന്ധപ്പെട്ട വകുപ്പിന് വിട്ടുകൊടുക്കാൻ കഴിയുമോ; എങ്കിൽ അതിന്റെ നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (എ) | 1995-ലെ വഖഫ് നിയമത്തിൽ 2013-ൽ ഉണ്ടായ നിയമ ഭേദഗതിയിലെ 51 (1-A), 104-A എന്നീ വകുപ്പുകൾ പ്രകാരം വഖഫ് വസ്തുക്കളുടെ വിൽപ്പന, ദാനം, ഒത്തുമാറ്റം, പണയപ്പെടുത്തൽ, കൈമാറ്റം എന്നിവ സാധുതയില്ലാത്തതാണ്. എന്നിരുന്നാലും പ്രസ്തുത നിയമത്തിലെ 51 (1A) വകുപ്പിലെ പ്രൊവൈസോ പ്രകാരം 1894-ലെ ലാൻഡ് അക്വിസിഷൻ ആക്റ്റോ അല്ലെങ്കിൽ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള മറ്റു നിയമങ്ങളുടെയോ അടിസ്ഥാനത്തിൽ സംസ്ഥാന വഖഫ് ബോർഡുമായി കൂടിയാലോചിച്ച് പൊതുകാര്യത്തിനായി ഭൂമി ഏറ്റെടുക്കുവാൻ വ്യവസ്ഥയുണ്ട്. |

സെക്ഷൻ ഓഫീസർ